I/55955/2022

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വികാസ് ഭവൻ, തിരുവനന്തപുരം-695033

ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/11242/2022-TR2 തീയതി :15-11-2022

**സർക്കുലർ**

വിഷയം:- സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി -ഓൺലൈനായി ഒടുക്കേണ്ട പ്രീമിയം തുക ജില്ലാ സഹകരണ ബാങ്കിൽ ഒടുക്കിയത് തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി ഓൺലൈനായി ഒടുക്കേണ്ട പ്രീമിയം തുക ജില്ലാ സഹകരണ ബാങ്കിൽ ഒടുക്കിയത് തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുടെ പ്രീമിയം തുക ഓൺലൈനായി എയിംസ് പോർട്ടൽ മുഖേന ഒടുക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നതിനു ശേഷവും ജില്ലാ ഓഫീസറുടെ പേരിലുള്ള സഹകരണ ബാങ്കിൽ ചലാൻ മുഖേന കർഷകർ തുക ഒടുക്കിയിട്ടുള്ളതായി വിവിധ ജില്ലകളിൽ നിന്നും അറിയിച്ചിട്ടുണ്ട് .ആയതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശം ചുവടെ ചേർക്കുന്നു .

- 20/10/2022 തീയതിക്ക് ശേഷം കൃഷി ഓഫീസർ approve ചെയ്ത അപേക്ഷകളുടെ പ്രീമിയം തുക ഓൺലൈനായി മാത്രം ഒടുക്കേണ്ടതാണ് .
- 20/10/202 തീയതിക്ക് ശേഷം കൃഷി ഓഫീസർ approve ചെയ്യുകയും തുക ഒടുക്കുന്നതിനുമായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ അംഗീകരിച്ചതുമായ അപേക്ഷകളുടെ പ്രീമിയം തുക ജില്ലാ സഹകരണ ബാങ്കിന്റെ അക്കൗണ്ടിൽ ചലാൻ മുഖേന ഒടുക്കിയയ കർഷകർക്ക് പ്രസ്തുത തുക പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അക്കൗണ്ടിൽ നിന്നും തിരികെ നൽകാവുന്നതാണ് .
- ഇത്തരത്തിൽ തുക തിരികെ നൽകുന്നതിന് കൃത്യമായ രജിസ്റ്റർ സൂക്ഷിക്കേണ്ടതും തിരികെ നൽകിയ തുക സംബന്ധിച്ച റിപ്പോർട്ട് കൃഷി ഡയറക്ടർക്കു സമർപ്പിക്കേണ്ടതുമാണ്.
- ഇത്തരത്തിൽ തുക ചലാൻ മുഖേന ഒടുക്കുന്നത് ഒഴിവാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിന് കർശനമായ നിർദ്ദേശം സബ് ഓഫീസുകൾക്കു നൽകേണ്ടതാണ് .
- ഇത് സംബന്ധിച്ച് കർഷകർക്ക് അവബോധം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

Signed by
Sreerekha.r
Date: 15-11-2022 13:16:45

SREEREKHA.R
ADDITIONAL DIRECTOR OF AGRICULTURE(CP)
കൃഷി ഡയറക്ടർ

പകർപ്പ്:
1) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും.
2) എല്ലാ കൃഷി അഡീഷണൽ ഡയറക്ടർമാർക്കും
3) എല്ലാ കൃഷി ജോയിന്റ് ഡയറക്ടർമാർക്കും
4) എല്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർക്കും (credit)